**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1487

11.02.2013 ൽ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമാക്കുന്നതിൽ 2012-2013 സാമ്പത്തിക വർഷത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

എ) ഉണ്ട്, തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേറ്റുമാരെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നം.23804/ഡിഡി2/12/തസ്വഭവ തീയതി 23.05.2012 സർക്കാർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

1. ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി വാളന്റിയർമാരിൽ നിന്ന് മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിന് പകരം തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്നും മേറ്റുമാരെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കാവുന്നതാണ്.
2. ഒരു വാർഡിൽ മുൻ വർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുത്ത കുടുബത്തിലെ/കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസ യോഗ്യത എങ്കിലും ഉള്ള വനിതകളെ ആയിരിക്കണം മെയ്റ്റായി നിർദ്ദേശിക്കേണ്ടത്.
3. രാഷ്ട്രീയ പാർട്ടികളുടെ സജീവ പ്രവർത്തകരെ മേറ്റുമാരായി നിയമിക്കാൻ പാടുള്ളതല്ല.
4. ഒരു വാർഡിൽ ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെടുന്ന മേറ്റുമാരുടെ 1/3 എസ്.സി/എസ്സ്.റ്റി വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കേണ്ടതാണ്.
5. മേറ്റുമാരെ തെരഞ്ഞെടുക്കുമ്പോൾ അർഹരായ വികലാംഗർ ഉണ്ടെങ്കിൽ അവരെ മുൻഗണന നല്കിമേറ്റുമാരായി നിയമിക്കേണ്ടതാണ്.
6. മുകളിൽ സൂചിപ്പിച്ച യോഗ്യതകൾ

ഉള്ള മെയ്റ്റുമാരെ വാർഡുതല കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കേണ്ടതും ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറി നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

7. മേറ്റുമാർ നിർബന്ധമായും 14 ദിവസം കൂടുമ്പോൾ മാറിയിരിക്കേണ്ടതാണ്.
8. ഒരു പ്രവൃത്തിയിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾ കുറഞ്ഞത് 40 പേർ ഉണ്ടെങ്കിൽ മാത്രമേ ഒരു പൂർണ്ണ സമയ മേറ്റിനെ നിയോഗിക്കേണ്ട ആവശ്യമുള്ളു. പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം നാല്പതിൽ കുറവാണെങ്കിൽ മേറ്റിനെ തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

   തൊഴിലിനുള്ള അപേക്ഷ നാല്പതിൽ കൂടുതൽ തൊഴിലാളികൾ നല്കുകയും എന്നാൽ പണിസ്ഥലത്തെ ഹാജർ 40 ൽ താഴെയും ആയിരിക്കുകയാണെങ്കിൽ മേറ്റ് നിർബന്ധമായും തൊഴിലിൽ പങ്കെടുക്കേണ്ടതും ഹാജർ മേറ്റിന്റെ കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

| | | | |
|---|---|---|---|
| ബി) | പദ്ധതിക്കായി ചെലവഴിച്ച തുക മുൻ സാമ്പത്തിക വർഷത്തേതിനേക്കാൾ കൂടുതലാണോ കുറവാണോ എന്ന് വിശദമാക്കുമോ; | ബി) | പദ്ധതിയ്ക്കായി ചെലവഴിച്ച തുക മുൻ സാമ്പത്തിക വർഷത്തേതിനേക്കാൾ കൂടുതലാണ്. നടപ്പ് സാമ്പത്തിക വർഷം 04/02/2013 വരെ 100386.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതേ സമയം 04/02/2012 ൽ പദ്ധതിയ്ക്കായി 63836.226 ലക്ഷം രൂപയാണ്. |
| സി) | കൂടുതലാണെങ്കിൽ അധികമായി ചെലവഴിച്ച തുകയെത്ര; | സി) | 36550.38 ലക്ഷം രൂപ |
| ഡി) | നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് പദ്ധതി നടത്തിപ്പിനായി അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ ? | ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി 105373.04 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2102.03 ലക്ഷം രൂപയും ആകെ 107475.07 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ